കേരളകൗമുദി

14 November 2017

# വലയും എൻജിനും പരിരക്ഷയ്ക്ക് പുറത്ത്; ഇൻഷ്വറൻസ് മത്സ്യമേഖലയ്ക്ക് വേണ്ട

**KAUMUDI SPECIAL**

പ്രത്യേക ലേഖകൻ

കൊച്ചി: മത്സ്യബന്ധനത്തിനിടയിൽ ഏറ്റവുമധികം നാശവും നഷ്ടവും സംഭവിക്കുന്ന വലകൾക്കും എൻജിനുകൾക്കും പരിരക്ഷയില്ല. പരിരക്ഷയുള്ളവയ്ക്ക് ഉയർന്ന പ്രീമിയവും. പിന്നെങ്ങനെ ഇൻഷ്വറൻസ് പദ്ധതികൾ മത്സ്യമേഖലയ്ക്ക് ഗുണം ചെയ്യുമെന്നാണ് മത്സ്യബന്ധന ബോട്ടുടമകളുടെയും തൊഴിലാളികളുടെയും ചോദ്യം. യഥാർത്ഥ പ്രശ്നങ്ങൾ വിലയിരുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യോജിച്ച പാക്കേജ് അനുവദിച്ചാൽ മാത്രമേ പദ്ധതികൾ ഗുണം ചെയ്യുകയുള്ളുവെന്ന് അവർ പറയുന്നു.

ഇൻഷ്വറൻസ് പരിരക്ഷ മത്സ്യമേഖലയിൽ ഒട്ടും കാര്യക്ഷമമല്ലെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) പഠന റിപ്പോർട്ട് വെളിപ്പെടുത്തിയിരുന്നു. ഭീമമായ സാമ്പത്തികനഷ്ടം മത്സ്യമേഖലയ്ക്ക് ഇതുമൂലം സംഭവിക്കുന്നതായി റിപ്പോർട്ടിൽ പറഞ്ഞിരുന്നു. സി.എം.എഫ്. ആർ.ഐയിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗം ശാസ്ത്രജ്ഞനായ ഡോ. ഷിനോജ് പാറപ്പുറത്താണ് പഠനത്തിന് നേതൃത്വം നൽകിയത്.



## പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

- മറ്റ് കാർഷിക മേഖലകളെ അപേക്ഷിച്ച് മത്സ്യമേഖലയിൽ പോളിസികൾ കുറവ്.
- കടലിൽ മീൻപിടിക്കുന്നവർക്കുള്ള അപകട പരിരക്ഷ മാത്രമാണ് മേഖലയിലുള്ളത്.
- മീൻപിടിത്ത ബോട്ടുകൾക്കും ഉപകരണങ്ങൾക്കുമുള്ള കേടുപാടിന് പരിരക്ഷയില്ല.
- തീരദേശ ജംഗമവസ്തുക്കളുടെ നാശനഷ്ടത്തിന് ഇൻഷ്വറൻസ് പേരിന് മാത്രം.
- മത്സ്യക്കുറവ് മൂലമുള്ള നഷ്ടം, മത്സ്യക്കൃഷിയിലെ നഷ്ടം എന്നിവയ്ക്ക് പരിരക്ഷയില്ല.



## ഉപകരണത്തിന് ഇൻഷ്വറൻസ് ഒരിടത്ത് മാത്രം

സർവേയിൽ കേരളത്തിൽ ഒരിടത്ത് മാത്രമാണ് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പോളിസി എടുത്തത്. തീരദേശ മേഖലയിൽ വസിക്കുന്നവരുടെ പുരയിടം, മറ്റ് ജംഗമവസ്തുക്കൾ എന്നിവയ്ക്കുള്ള ഇൻഷ്വറൻസ് നേടിയത് തമിഴ്നാട്ടിലെ 14 ശതമാനം പേർ മാത്രമാണ്. മത്സ്യസമ്പത്തിലെ കുറവ്, വിപണിയിലെ വിലവ്യത്യാസം മൂലമുള്ള നഷ്ടം, കൃഷിയിലെ നഷ്ടം എന്നിവയ്ക്ക് ആർക്കും ഇൻഷ്വറൻസ് പരിരക്ഷ നേടിയിട്ടില്ല.

## യഥാർത്ഥ പ്രശ്നങ്ങൾ നേരിടാത്ത പദ്ധതികൾ

മത്സ്യമേഖലയുടെ യഥാർത്ഥ പ്രശ്നങ്ങൾ നേരിടാത്തതാണ് നിലവിലെ ഇൻഷ്വറൻസ് പദ്ധതികൾ. എൻജിൻ, വലകൾ എന്നിവയ്ക്കാണ് ഏറ്റവുമധികം നഷ്ടം സംഭവിക്കുന്നത്. അവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ല. 30 ലക്ഷം രൂപ വരെ വിലയുള്ള വലയുണ്ട്. വലിയ മത്സ്യങ്ങൾ കടിച്ചും പൊട്ടിയും മറ്റുമായി വലയ്ക്ക് അഞ്ചുലക്ഷം രൂപ വരെ പ്രതിവർഷം നഷ്ടം സംഭവിക്കാറുണ്ട്. ഒരു കോടി രൂപ വരെ ചെലവ് ബോട്ടിറക്കാൻ വേണം. എൻജിന് ഇൻഷ്വറൻസ് ലഭിക്കില്ല. തകരാറുകൾ സംഭവിച്ച് നഷ്ടം വരാൻ ഏറ്റവും സാദ്ധ്യത എൻജിനുകൾക്കാണ്. അതിനും ഇൻഷ്വറൻസില്ല. കൃഷിയില നഷ്ടം, മത്സ്യം വേണ്ടത്ര ലഭിക്കാത്തതുമൂലമുണ്ടാകുന്ന ചെലവിലെ നഷ്ടം തുടങ്ങിയവയൊന്നും പരിരക്ഷാ പരിധിയിൽ വരാത്തതും ഉയർന്ന പ്രീമിയം നിരക്കുമാണ് ഇൻഷ്വറൻസിൽ നിന്ന് അകലാൻ കാരണം.

ചാൾസ് ജോർജ്, സംസ്ഥാന പ്രസിഡന്റ്, മത്സ്യത്തൊഴിലാളി ഐക്യവേദി

## ഇൻഷ്വറൻസിനെക്കുറിച്ച് അജ്ഞത

ഇൻഷ്വറൻസ് പരിരക്ഷയുടെ ആവശ്യകതയെക്കുറിച്ച് മത്സ്യമേഖലയിൽ നിലനിൽക്കുന്ന അജ്ഞതയാണ് അവസ്ഥയ്ക്ക് കാരണം. പോളിസികൾ മത്സ്യത്തൊഴിലാളി സമൂഹത്തിൽ പ്രചരിപ്പിക്കാൻ സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ താല്പര്യമെടുക്കുന്നില്ല. രണ്ട് വിഭാഗവും തമ്മിലുള്ള വിശ്വാസക്കുറവും കാരണമാണ്. ഉയർന്ന പ്രീമിയവും ഭാഗികമായ കേടുപാടുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തതും നടപടിക്രമങ്ങളിലെ സങ്കീർണതയും മത്സ്യത്തൊഴിലാളി സമൂഹത്തെ ഇൻഷ്വറൻസിൽ നിന്ന് പിന്നാട്ടടിപ്പിക്കുന്നു.

## ബോട്ടുകൾക്ക് ഇൻഷ്വറൻസ് കുറവ്

മത്സ്യബന്ധന ബോട്ടുകൾക്ക് കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിൽ വളരെ കുറച്ച് അളവിൽ മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ. വ്യക്തിഗത അപകട ഇൻഷ്വറൻസ് പരിരക്ഷ കേരളത്തിൽ പങ്കാളികളായ 80 ശതമാനം പേർക്കുണ്ട്.

ശുദ്ധജല-ഓരുജലാശയങ്ങളിൽ മത്സ്യക്കൃഷി ചെയ്യുന്ന ആരും തന്നെ ഇൻഷ്വറൻസ് നേടിയിട്ടില്ല.